വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : പൊതുവിൽ നമ്മുടെ വനത്തിൽ ചൂരൽ ഉല്പാദനം വളരെ കുറവാണ്. അതുകാരണം നിലവിലുള്ളതെല്ലാം ഫലപ്രദമായി സംരക്ഷിച്ചാൽ മാത്രമേ ഭാവിയിലെങ്കിലും കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുകയുള്ളു. അതിന്റെ അടിസ്ഥാനത്തിൽ ചില നിയന്ത്രണങ്ങളെല്ലാമുണ്ടായിട്ടുണ്ട്. എത്രയാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കിട്ടാവുന്നത്ര ചൂരൽ ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിൽ ശേഖരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന് വേഗത കൂട്ടാനുള്ള നിർദ്ദേശം കൊടുക്കാം.

(34) കാസർകോട് ജില്ലയിലെ ആറായിരം രൂപയ്ക്കുള്ള വീട് നിർമ്മാണ പദ്ധതി

ശ്രീ. സി. ടി. അഹമ്മദ് അലി : കാസർകോഡ് ജില്ലയിൽ ഏകദേശം ആയിരക്കണക്കിന് ആളുകൾ ആറായിരം രൂപയ്ക്കുള്ള പദ്ധതി അനുസരിച്ചുള്ള വീടുകൾക്ക് അപേക്ഷകൾ നൽകി ഏകദേശം രണ്ട് വർഷത്തോളമായി കാത്തുകിടക്കുകയാണ്. അവർ ആയിരം രൂപ നിക്ഷേപിക്കുകയും അതുപോലെതന്നെ അവരുടെ ലാൻഡ് ഡോക്കുമെന്റുകൾ അവിടെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇന്നുവരെ അവർക്ക് വീട് ലഭിക്കാത്തതുമൂലം മറ്റ് പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് ഒന്നുകിൽ ആ ഡോക്കുമെന്റും ആയിരം രൂപയും തിരിച്ചുകൊടുക്കുക, അല്ലെങ്കിൽ അവർക്ക് അടിയന്തിരമായി വീട് നിർമ്മിച്ച് കൊടുക്കുക, ആയിരക്കണക്കിന് ആളുകൾ എല്ലാ ദിവസവും ഞങ്ങളെ സമീപിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും ഇതുവരെ വീട് നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇതിന്റെ ഗൗരവം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി അവർക്ക് വീട് നിർമ്മിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി ആദ്യം ഇരുപത്തയ്യായിരം വീടുകൾക്കുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റ് അംഗീകരിച്ചത്. ഈ 25,000 വീടുകളുടെ പണി പൂർത്തിയായി. എന്നാൽ അതോടൊപ്പം കൂടുതൽ അപേക്ഷകൾ കിട്ടുകയുണ്ടായി. രണ്ടാമത് ഒരു പദ്ധതിക്ക് അംഗീകാരം കിട്ടുവാൻ കുറെ കാലതാമസം ഉണ്ടായി. അതിനുശേഷം അംഗീകാരം കിട്ടിയതിന്റെ ആദ്യ ഗഡു കൊടുത്തു കഴിഞ്ഞു. ഇനി കൊടുക്കാത്ത കേസുകൾ വളരെ പരിമിതമാണ്. മൊത്തത്തിൽ അതിന്റെ കണക്കുകൾ നോക്കി ആധാരങ്ങളിൽ എന്തെങ്കിലും കുറവൊക്കെയുള്ള കേസുകൾ ആണ് ബാക്കിയുള്ളത്. അത് കറക്റ്റ് ചെയ്തതിനുശേഷമേ കൊടുക്കാൻ നിവൃത്തിയുള്ളു. ഹഡ്കോയിൽ നിന്നുള്ള വായ്പയാണ്. പത്തോ നൂറോ കേസുകളുടെ കാര്യമാണ് ആയിര കണക്കിന് ഉണ്ടെന്നാണ് പറയുന്നത്. അത് ശരിയല്ല. ഇപ്പോഴത്തെ ഈ ഒരു ലക്ഷം വീടിന്റെ പദ്ധതിയിൽ എൺപത്തിആറായിരം ആളുകൾക്ക് ആദ്യ ഗഡു കൊടുത്തു കഴിഞ്ഞു. 2-ാം ഗഡുവും കൊടുത്തു തുടങ്ങിയിരിക്കുകയാണ്. ബാക്കിയുള്ളതും എട്ട് പത്ത് ദിവസത്തിനുള്ളിൽ നൽകി ഒരുലക്ഷം പേർക്ക് തികച്ചു കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly